# കേരള സർവകലാശാല

നം. പി.ആർ.017/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല ഫെബ്രുവരി 26-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം (യു.ഐ.എം ഉൾപ്പെടെ), റഗുലർ (ഈവനിംഗ്), ട്രാവൽ & ടൂറിസം) - 2014 സ്കീം റഗുലർ & സപ്ലിമെന്ററി പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ഫിൽ ടൈംടേബിൾ

കേരള സർവകലാശാല ഒന്നാം സെമസ്റ്റർ എം.ഫിൽ കൊമേഴ്സ് പരീക്ഷ മാർച്ച് 14, 16 തീയതികളിൽ രാവിലെ 10 മണിമുതൽ ഒരുമണിവരെ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.പി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല 2015 ഡിസംബർ/ 2016 ജനുവരിയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ഒന്ന്, മൂന്ന് സെമസ്റ്റർ ബി.പി.എ വോക്കൽ പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2016 ഫെബ്രുവരി 24 മുതൽ തൈക്കാട് ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.ജി.ഡി.ഐ.പി.ആർ ടൈംടേബിൾ

കേരള സർവകലാശാല മാർച്ച് ഒമ്പതിന് തുടങ്ങുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് (2015-16 ബാച്ച്) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ് : ഇന്റർവ്യൂ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ ഇന്റർവ്യൂ മാർച്ച് മൂന്നിന് രാവിലെ 11 മണിയ്ക്ക് പി.എം.ജി-യിലെ ഓഫീസിൽ നടത്തും. അപേക്ഷകർക്കെല്ലാം അറിയിപ്പ് അയച്ചിട്ടുണ്ട്. അപേക്ഷിക്കാത്തവർക്കും പങ്കെടുക്കാം. അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും (7500 രൂപ) സഹിതം ഹാജരാകണം. യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി. കാലാവധി ആറ് മാസം. പ്രായപരിധിയില്ല. ഫോൺ. 0471-2302523.

### എം.ബി.എ പരീക്ഷ

കേരള സർവകലാശാല മാർച്ച് 16-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ, മാർച്ച് 17-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ (2009 സ്കീം - സപ്ലിമെന്ററി - ഫുൾടൈം/ റഗുലർ(ഈവനിംഗ്)/ പാർട്ട്ടൈം/ യു.ഐ.എം) പരീക്ഷകൾക്ക് ഓൺലൈനായി (www.exams.keralauniversity.ac.in) രജിസ്റ്റർ ചെയ്യാം. പരീക്ഷകൾക്ക് പിഴകൂടാതെ ഫെബ്രുവരി 26 (50 രൂപ പിഴയോടെ ഫെബ്രുവരി 29, 250 രൂപ പിഴയോടെ മാർച്ച് ഒന്ന്) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ

പരീക്ഷാഫീസിനു പുറമെ 230 രൂപ (സി.വി ക്യാമ്പ് ഫീസ് 200 + ഓൺലൈൻ രജിസ്ട്രേഷൻ 30) അടയ്ക്കണം.

മാർച്ച് 15-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ, മാർച്ച് 16-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (2008 സ്കീം - ഈവനിംഗ് - റഗുലർ & സപ്ലിമെന്ററി) പരീക്ഷയ്ക്ക് ഓൺലൈനായി (www.exams.keralauniversity.ac.in) രജിസ്റ്റർ ചെയ്യാം. പരീക്ഷകൾക്ക് പിഴകൂടാതെ ഫെബ്രുവരി 26 (50 രൂപ പിഴയോടെ ഫെബ്രുവരി 29, 250 രൂപ പിഴയോടെ മാർച്ച് ഒന്ന്) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 230 രൂപ (സി.വി ക്യാമ്പ് ഫീസ് 200 + ഓൺലൈൻ രജിസ്ട്രേഷൻ 30) അടയ്ക്കണം. സപ്ലിമെന്ററി വിദ്യാർത്ഥികൾ (2011-ന് മുമ്പുള്ള അഡ്മിഷൻ) സർവകലാശാലയിൽ അപേക്ഷ നേരിട്ട് സമർപ്പിക്കണം.

## ബി.എച്ച്.എം.എസ് (സപ്ലിമെന്ററി) പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ നാലിന് തുടങ്ങുന്ന അവസാന ബി.എച്ച്.എം.എസ് (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 14 (50 രൂപ പിഴയോടെ മാർച്ച് 16, 250 രൂപ പിഴയോടെ മാർച്ച് 18) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിന് പുറമെ 300 രൂപ സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം.

## ബി.എ.എസ്.എൽ.പി ഫലം

കേരള സർവകലാശാല മെയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ.എസ്.എൽ.പി പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സ്മിനി ന്യൂട്ടൺ (രജി.നം. 1420) ഒന്നാം റാങ്ക് നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ഒമ്പത് വരെ അപേക്ഷിക്കാം.

(ഒപ്പ്)

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
20.02.2016

ഡോ. ലാൽ സി.എ.
പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098